LIBRARY ARCHIVES Kerala Legislative Assembly

ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ

62 [1069] ശ്രീ. ഉമേഷ് ചള്ളിയിൽ:
,, എ. എൻ. രാജൻബാബു:
,, ജോണി നെല്ലൂർ:
,, കെ. കെ. ഷാജു:
,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ തീർപ്പ് കല്പിക്കുന്നതിനായി അംഗങ്ങളുടെ അംഗസംഖ്യ കൂട്ടുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ

63 [1070] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക വകുപ്പിന് കീഴിൽ സർക്കാർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് അനുസരിച്ച് പ്രവർത്തിക്കുന്ന കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം പ്രവർത്തനമാരംഭിച്ച് നാളിതുവരെയായി ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ആകെ എത്ര ജീവനക്കാർ വിവിധ തസ്തികകളിലായി ജോലി ചെയ്തുവരുന്നുണ്ട്; തസ്തിക തിരിച്ച് താല്കാലിക, കരാർ, ദിവസ വേതന ജീവനക്കാരുടെ കണക്കും, വിശദവിവരങ്ങളും ലഭ്യമാക്കാമോ;

(ഡി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നടത്തുന്നതിന് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ഇ) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊടുത്തതിനുശേഷം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താല്ക്കാലികാടിസ്ഥാനത്തിൽ ശമ്പളസ്കെയിലിൽ ഏതെല്ലാം തസ്തികകളിലേയ്ക്ക് ആരെയെല്ലാം നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(എഫ്) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ സർക്കാർ അനുമതി നൽകിയിട്ടുള്ള (സാംഗ്ഷൻഡ് സ്ട്രങ്ത്) എഡിറ്റോറിയൽ അസിസ്റ്റന്റുമാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ജി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്ഥിരം തസ്തികയിൽ എത്ര എഡിറ്റോറിയൽ അസിസ്റ്റന്റുമാർ ജോലി ചെയ്തുവരുന്നുണ്ട്; ഏതെല്ലാം വിഷയങ്ങളിൽ;

(എച്ച്) മുൻ സർക്കാരിന്റെ കാലത്ത് താല്ക്കാലികാടിസ്ഥാനത്തിൽ ശമ്പള സ്കെയിലിൽ നിയമിച്ച എഡിറ്റോറിയൽ അസിസ്റ്റന്റുമാർ ആരെല്ലാം; ഏതെല്ലാം വിഷയങ്ങളിൽ; ഇവരെ പിന്നീട് സർവ്വീസിൽനിന്നും പിരിച്ചുവിടുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉത്തരവിന്റെ വെളിച്ചത്തിൽ എന്ന് വ്യക്തമാക്കാമോ;

(ഐ) പിരിച്ചുവിട്ട പ്രസ്തുത ജീവനക്കാരെ സർവ്വീസിൽ കരാർ ജീവനക്കാരായി തിരിച്ചെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തിരിച്ചെടുത്തിട്ടുള്ളത്; നിബന്ധന എന്താണെന്ന് വ്യക്തമാക്കാമോ;

(ജെ) കരാർ ജീവനക്കാരായി നിയമിച്ച ഇവരെ സർക്കാർ ഉത്തരവും ബഹു. ഹൈക്കോടതി വിധി (ഒ.പി. നമ്പർ 32608/2001 പ്രകാരം)യും മറികടന്നുകൊണ്ട് വീണ്ടും താല്ക്കാടികാടിസ്ഥാനത്തിൽ ശമ്പള സ്കെയിലിൽ നിയമിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(കെ) നിയമവിരുദ്ധമായി നിയമിക്കപ്പെട്ട ഇവരെ പിരിച്ചുവിടണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രസ്സ് വർക്കേഴ്സ് കോൺഗ്രസ്സിന്റെ മുൻ സെക്രട്ടറിയുടെ പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എൽ) ഉണ്ടെങ്കിൽ ഈ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(എം) പരാതി പരിശോധിച്ച് അനർഹമായ രീതിയിൽ നിയമനം നൽകിയവർക്കെതിരെ നടപടി സ്വീകരിക്കുകയും അർഹതയില്ലാതെ നിയമനം ലഭിച്ചവരെ പിരിച്ചുവിടുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) യൂണിവേഴ്സിറ്റി തലത്തിലുള്ള പാഠപുസ്തകങ്ങളും വൈജ്ഞാനിക ഗ്രന്ഥങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിക്കുക, അദ്ധ്യയന-ഭരണ-മാധ്യമം എന്ന നിലയിൽ മലയാളത്തെ സമ്പുഷ്ടമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സ്ഥാപിതമായ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇതനുസരിച്ചുള്ള പാഠാവലികളും ശബ്ദാവലികളും നിഘണ്ടുക്കളും പ്രസിദ്ധീകരിച്ചുവരുന്നു.

(ബി) ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായ കാര്യപരിപാടികളാണ് നടപ്പിലാക്കിവരുന്നത്. 2003 വരെ 2066 ഗ്രന്ഥങ്ങൾ (1307 പുസ്തകങ്ങൾ ഒന്നാം പതിപ്പും 759 പുസ്തകങ്ങൾ റീപ്രിന്റും) മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ വൈജ്ഞാനിക ഗ്രന്ഥങ്ങളും, സർവ്വകലാശാല നിലവാരത്തിലുള്ള റഫറൻസ് ഗ്രന്ഥങ്ങളും ഉൾപ്പെടുന്നു. വിശിഷ്ട ഗ്രന്ഥങ്ങളുടെ മലയാള തർജ്ജമയും ഇൻസ്റ്റിറ്റ്യൂട്ട് നിർവ്വഹിച്ചിട്ടുണ്ട്. അദ്ധ്യയന-ഭരണ-മാധ്യമം എന്ന നിലയിൽ മലയാളത്തെ വളർത്തിയെടുക്കാൻ മുഖ്യ പങ്കുവഹിച്ചത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ്. ആ പ്രവർത്തനം ഇപ്പോഴും തുടരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ തസ്തികകളിലായി 45 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ കരാർ അടിസ്ഥാനത്തിൽ അഞ്ച് എഡിറ്റോറിയൽ അസിസ്റ്റന്റുമാരും ഒരു ലോവർ ഡിവിഷൻ ക്ലാർക്കും ദിവസ വേതനാടിസ്ഥാനത്തിൽ ഒരു ഡ്രൈവറും ജോലി ചെയ്യുന്നുണ്ട്.

(ഡി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ പി.എസ്.സി. വഴിയുള്ള നിയമനത്തിന് അനുരൂപമായ രീതിയിൽ സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്ന നടപടി സ്വീകരിച്ചു വരികയാണ്.

(ഇ) നാല്പതിൽപ്പരം അക്കാദമിക് ജീവനക്കാർ ജോലി ചെയ്തിരുന്ന ഇൻസ്റ്റിറ്റ്യൂട്ടിൽ റിട്ടയർമെന്റ് മൂലം ഉണ്ടായ ഒഴിവുകൾ യഥാസമയം നികത്താൻ കഴിയാതെ വന്ന സാഹചര്യത്തിൽ ടി വിഭാഗം ജീവനക്കാരുടെ കടുത്ത ദൗർലഭ്യം അനുഭവപ്പെടുകയും, പി.എസ്.സി. വഴിയുള്ള നിയമനത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ എഡിറ്റോറിയൽ അസിസ്റ്റന്റുമാരായി ആറു പേരെ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

പേര്.—ഡോ. ബി. സുഗീത, ഇ. ബാനർജി, കെ. പി. അനിൽ, സി. അശോകൻ, ജി. ബി. ഹരീന്ദ്രനാഥ്, ഉണ്ണികൃഷ്ണൻ.

(എഫ്) എഡിറ്റോറിയൽ അസിസ്റ്റന്റുമാരുടെ 4 സാങ്ഷൻഡ് തസ്തിക ഒഴിവുണ്ടായിരുന്നപ്പോൾ റിസർച്ച് ഓഫീസർമാരുടെ ഒഴിവുണ്ടായിരുന്ന 6 തസ്തികകൾകൂടി 6-4-2001-ൽ ഡൗൺഗ്രേഡ് ചെയ്ത് അക്കാദമീയ വിഭാഗത്തിൽ എഡിറ്റോറിയൽ അസിസ്റ്റന്റുമാരുടെ തസ്തികകളാക്കിയിട്ടുണ്ട്.

(ജി) എഡിറ്റോറിയൽ അസിസ്റ്റന്റ് സ്ഥിരം തസ്തികയിൽ ഭാഷാ വിഭാഗത്തിൽ ഒരാൾ ജോലി ചെയ്യുന്നുണ്ട്.

(എച്ച്) പേര്		വിഷയം
ഡോ. ബി. സുഗീത	..	ഹിസ്റ്ററി
ഇ. ബാനർജി	..	മലയാളം
കെ. പി. അനിൽ	..	അഗ്രിക്കൾച്ചർ
സി. അശോകൻ	..	ഫിലോസഫി
ജി. ബി. ഹരീന്ദ്രനാഥ്	..	എഞ്ചിനീയറിംഗ്
ഉണ്ണികൃഷ്ണൻ	..	ഇംഗ്ലീഷ്

ഇവരെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 30-10-2001-ലെ ഇ1/2973/94/സിൽ നമ്പർ ഉത്തരവ് പ്രകാരം പിരിച്ചുവിടുകയുണ്ടായി.

(ഐ) ഉണ്ട്. 4-3-2003-ലെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 8-5-2003-ലെ ഇ1/1026/03/സിൽ നമ്പർ ഉത്തരവുപ്രകാരം കരാർ വ്യവസ്ഥയിൽ നിയമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ജെ) എഡിറ്റോറിയൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തേണ്ടിവന്നാൽ ടി പരാമർശിച്ചവർക്ക് മുൻഗണന നൽകണമെന്ന് ഹൈക്കോടതി ഉത്തരവ് നിലനിന്നിരുന്ന സാഹചര്യത്തിലും, ഇൻസ്റ്റിറ്റ്യൂട്ടിൽ എഡിറ്റോറിയൽ അസിസ്റ്റന്റുമാരുടെ ദൗർലഭ്യം ഉണ്ടായ സാഹചര്യത്തിലും 4-3-2003-ലെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കരാർ വ്യവസ്ഥയിൽ ഇവരെ നിയമിച്ചത്.

(കെ—എം) ഉണ്ട്. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാതിയിൽ മേൽനടപടികൾ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

കേരള സാഹിത്യ അക്കാദമിയുടെ സാംസ്കാരിക ഡയറി

64 [1071] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാഹിത്യ അക്കദമിയുടെ സാംസ്കാരിക ഡയറി ഈ വർഷം പുറത്തിറക്കിയിട്ടുണ്ടോ;

(ബി) ഈ വർഷം പുറത്തിറക്കിയ സാംസ്കാരിക ഡയറിയിൽ 2003-ൽ ഉൾപ്പെടുത്തിയിരുന്ന എത്ര സാംസ്കാരിക സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളേയും ഒഴിവാക്കി എന്ന് വ്യക്തമാക്കാമോ; അവ ഏവ; ഒഴിവാക്കാൻ കാരണമെന്തായിരുന്നു വെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ സർക്കാർ ഗ്രാന്റ് ലഭിക്കുന്ന എത്ര സ്ഥാപനങ്ങൾ ഉൾപ്പെടും; അവ ഏവയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ വർഷം എത്ര കോപ്പി സാംസ്കാരിക ഡയറിയാണ് പുറത്തിറക്കിയത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 36 എണ്ണം. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.† 22-11-2003-ൽ കൂടിയ സാഹിത്യ അക്കാദമി ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് ഇവ ഒഴിവാക്കിയത്.

(സി) 15 എണ്ണം. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.††

(ഡി) 2000 എണ്ണം.

സാഹിത്യ-സാംസ്കാരിക കലാരംഗങ്ങളിലെ അവാർഡുകൾ

65 [1072] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം—X

†† അനുബന്ധം—X എ

LIBRARY ARCHIVES Kerala Legislative Assembly